റേഞ്ചർ പരിശീലനം

*ഫ ഫന ഠ. (ഛ) ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ഫോ ദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) ഫൻ ര വ്യ—ള ഠ-ൽ കൊച്ചിയിൽനിന്നും തിരുവിതാംകൂറിൽ നിന്നും റേഞ്ചേഴ്സ് കോഴ്സിനു് എത്രപേരെ കോയമ്പത്തൂർക്കു് അയച്ചിട്ടുണ്ടെന്നു് പറയാമോ;

(ബി) പാസായിട്ടുള്ളവർക്കു് എപ്പോൾ, ആർക്കെല്ലാം ജോലി കൊടുത്തിട്ടുണ്ടു്;

(സി) ഇവർ ഓരോരുത്തരിൽനിന്നും എത്രസംഖ്യ ഗവൺമെൻറിൽ അടച്ചിട്ടുണ്ടു്;

(ഡി) എന്തുസംഖ്യ ഇവർക്കു മടക്കി കൊടുത്തിട്ടുണ്ടു്?

(ഇ) ഇവർക്കു് സർക്കാർ ജോലി കൊടുപ്പാൻ ഗവൺമെൻറ് കടമപ്പെട്ടിട്ടുണ്ടോ;

(എഫ്) ജോലിയിൽ പ്രവേശിപ്പിക്കുവാനുള്ള താമസത്തിനുള്ള കാരണമെന്തു്?

ചീഫ് മിനിസ്റ്റർ ശ്രീ (സി. കേശവൻ): (എ) ഫൻ ര വ്യ - ള ഠ-ൽ റെയിഞ്ചേഴ്സ് കോഴ്സിനു് കൊച്ചിയിൽനിന്നും കുട്ടൻ അക്കര, വി. കെ. രാമചന്ദ്രൻ ടി. കൃഷ്ണൻകുട്ടിമേനോൻ എന്നീമൂന്നുപേരേയും, തിരുവിതാംകൂറിൽ നിന്നു് പി. എസ്. നാഗൂർ മീരാൻ റാവുത്തർ, പി. എം. എബ്രഹാം, വി. ആർ. കൃഷ്ണൻനായർ, കെ. ധർമ്മപാലൻ എന്നീ നാലുപേരേയുംകൂടി ആകെ ഏഴുപേരെ കോയമ്പത്തൂർക്കു് അയച്ചിട്ടുണ്ടു്.

(ബി) എല്ലാവരും പാസായിട്ടുണ്ടു്. എല്ലാവരേയും വ്യ ഠ ശുപാർശചെയ്ത ശമ്പളത്തിൽ പ്രൊബേഷണറി റെയിഞ്ചറന്മാരായി ഫ ഫ—ഫ—ഫൻ ള ഠ-ലെ ഫ വ്യ വ്യ—ാം നമ്പർ സർവ്വീസ് ഓർഡർപ്രകാരം നിയമിച്ചിട്ടുണ്ടു്.

(സി) തിരുവിതാംകൂറിൽനിന്നു് അയച്ച നാലുപേർക്കു് ഗവൺമെൻറ് ചിലവാണു്. ആകെ. ശുപ ഫ ര ന്നഫ ന്ന അണ ൻ പൈസ ഫ ഠ ചിലവായിട്ടുണ്ടു്. കൊച്ചിയിൽ നിന്നുമുള്ള മൂന്നുപേർ സ്വന്തം ചിലവിലാണു് പോയിട്ടുള്ളതു്. അവർ ആകെ ശുപ ഫൻ ന്ന ഫ ഠ — ഠ — ഠ അടച്ചിട്ടുണ്ടു്. അതിൽ ആകെ ചിലവു് ഫ വ്യ ന്ന ര — ഫ — ര ആണു്.

(ഡി) ബാക്കി ന്ന ള ഠ ശുപ ഫ ര ണ വ്യപൈസ അവർക്കു് മടക്കി കൊടുക്കുന്നതിനുള്ള നടപടികൾ പുരോഗമിയായിട്ടുണ്ടു്.

(ഇ) ഇല്ല.

(എഫ്) ഒഴിവുകൾ ഇല്ലാതിരുന്നതുകൊണ്ടു്.

ശ്രീ. ടി. പി. സീതാരാമൻ: ഇവിടെ ഒഴിവില്ലാത്തതുകൊണ്ടു് പുറത്തു പോയി ജോലിചെയ്യാൻ അനുവാദം വേണമെന്നപേക്ഷിച്ചതിൽ ആർക്കെങ്കിലും അനുവാദം കൊടുക്കാതിരുന്നിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: അതു് ഇപ്പോൾ നിശ്ചയമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: റെയിഞ്ചർ കോഴ്സിനു് തിരുവിതാംകൂറിൽനിന്നും ആളുകൾ സ്വന്തം പണം ചിലവാക്കി പോകാൻ തയ്യാറുണ്ടെന്നു് അറിയാമോ?

ശ്രീ. സി. കേശവൻ: അറിയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് ഗവണ്മെൻറ് അവരെ അയച്ചില്ല ?

ശ്രീ. സി. കേശവൻ : അതിൻെറ ആവശ്യമുണ്ടെന്നു തോന്നാത്തതുകൊണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : റെയിഞ്ചർ കോഴ്സിനു് അയക്കപ്പെട്ടവർക്ക് എന്തെല്ലാം പരീക്ഷായോഗ്യതകൾ ഉണ്ടായിരിക്കണമെന്നു് വല്ല നിർദ്ദേശവുമുണ്ടോ ?

ശ്രീ. സി. കേശവൻ : എന്തെല്ലാം പരീക്ഷായോഗ്യതകൾ എന്നു് ആവശ്യമുള്ളതെന്നു് ഗസറ്റിൽ പ്രസിദ്ധം ചെയ്തിട്ടുണ്ട്.

വനംപതിപ്പു്

*൧൫൨൫. (൯) ശ്രീ. എം. പി. കുട്ടികൃഷ്ണദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ;

(എ) ൧൯൫൪ മുതൽ ആകെ എത്ര ഏക്കർ വനം കൃഷിക്കു് പതിച്ചുകൊടുത്തിട്ടുണ്ടു് ;

(ബി) അതിൽ പിന്നോക്ക സമുദായങ്ങൾക്കു് എത്ര ഏക്കർ നൽകിയിട്ടുണ്ടു് ;

(സി) അതിന്മേൽ വല്ല പരാതിയും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തുനടപടി സ്വീകരിച്ചിട്ടുണ്ടു് ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി ശ്രീ. ടി. കെ. നാരായണപിള്ള : ഈ ചോദ്യത്തിൻെറ ഉത്തരം പറയാൻ തക്കവണ്ണമുള്ള പൂർണ്ണവിവരങ്ങൾ കിട്ടിയിട്ടില്ല.

ശ്രീ. ഇട്ടീര അമ്മൂക്കൻ : തങ്കമുകഞ്ഞു മുസലിയാക്കു് വനത്തിൽനിന്നും ൪൦൦ ഏക്കർസ്ഥലം പതിച്ചുകൊടുത്തതായിട്ടു് കുമാരി മസ്ക്രീൻെറ ഒരു പത്രപ്രസ്താവന വായിക്കാനിടയായി. അതു വാസ്തവമാണോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അതു വാസ്തവമാണെന്നു് തോന്നുന്നില്ല.

ശ്രീ. ഇട്ടീര അമ്മൂക്കൻ : സർ, പത്രത്തിൽ കണ്ട പ്രസ്താവന വാസ്തവമായിരിക്കുമെന്നാണു് എൻെറ ധാരണ. അതു് അവാസ്തവമാണെങ്കിൽ ആ വ്യാജപ്രസ്താവനയുടെ പേരിൽ ഗവണ്മെൻറ് നടപടി എടുക്കേണ്ടതാണു്.

മിസ്റ്റർ സ്പീക്കർ : അവാസ്തവ പ്രസ്താവനകളെല്ലാം നടപടിക്കു വിധേയമാക്കേണ്ട വ്യാജപ്രസ്താവനയായിരിക്കണമെന്നു് ഇല്ല. പത്രങ്ങളിൽ ശരിയായും തെറ്റായും ചില പ്രസ്താവനകൾ കണ്ടേക്കാം. എന്നാൽ ഈ പ്രസ്താവന വ്യാജമായ ഒരു പ്രസ്താവനയാണെന്നു് ബഹുമാനപ്പെട്ട മെമ്പർക്കു് ബോദ്ധ്യമുണ്ടെങ്കിൽ നടപടി എടുക്കാൻ ആവശ്യപ്പെടാവുന്നതാണു്.

ശ്രീ. ഇട്ടീര അമ്മൂക്കൻ : ഗവണ്മെൻറിൽനിന്നും ഉത്തരവാദത്തോടുകൂടിയാണു് മറുപടി പറയുന്നതു് എന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ആ സമിതിക്കു് ശ്രീമതി മസ്ക്രീൻെറ പ്രസ്താവന തെറ്റാണു്. അതായതു് അതു് ഒരു വ്യാജപ്രസ്താവനയാണു്.

മിസ്റ്റർ സ്പീക്കർ: തെറ്റെന്നും വ്യാജമെന്നും പറയുന്നതു് രണ്ടാണെന്നു മെമ്പർ ധരിക്കണം. പത്രത്തിൽ കണ്ട തെറ്റായ പ്രസ്താവനകളെല്ലാം വ്യാജമാണെന്നു വിചാരിച്ചു് നടപടിനടത്താൻ സാധിക്കയില്ല.

ശ്രീ. ഇട്ടീര അമ്മൂക്കൻ : പത്രത്തിൽ കണ്ടതിനെയാണു് ഞാൻ പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly